ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : സർ, ബഹുമാനപ്പെട്ട മന്ത്രി ഉത്തരം പറഞ്ഞപ്പോൾ 1400-ലധികം അംഗീകാരമില്ലാത്ത അൺ എയ്ഡഡ് സ്കൂളുകൾ ഉണ്ടെന്നുപറഞ്ഞു. ഇവിടെ പഠിക്കുന്ന കുട്ടികൾക്ക് എങ്ങനെ ഫീസ് കൊടുക്കുവാൻ കഴിയും; ഈ കാര്യം ഗവൺമെന്റ് പരിശോധിച്ചിട്ടുണ്ടോ ? ഒന്നുകിൽ അവയ്ക്ക് അംഗീകാരം കൊടുക്കുക അല്ലെങ്കിൽ മറ്റെന്തെങ്കിലും സംവിധാനം ഏർപ്പെടുത്തുക, ഇത് സംബന്ധിച്ച് ഗവൺമെന്റ് ആലോചിക്കുമോ ?

ശ്രീ. നാലകത്ത് സൂപ്പി : സർ, ഇത്തരം വിദ്യാലയങ്ങളിൽ നന്നായി നടക്കുന്ന വിദ്യാലയങ്ങൾ തെരഞ്ഞെടുത്ത് അവയിൽ ചിലതിന് അംഗീകാരം കൊടുക്കണമെന്ന് ഗവൺമെന്റ് ഉദ്ദേശിക്കുന്നു. അതിന്റെ ലിസ്റ്റ് തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. ഫീസ് കൊടുക്കുവാൻ തയ്യാറാണെന്നുള്ളതുകൊണ്ടാണ് ഇത്തരം വിദ്യാലയങ്ങളിൽ രക്ഷകർത്താക്കൾ കുട്ടികളെ ചേർക്കുന്നത്. ഫീസ് നിയന്ത്രിക്കുക എന്നത് നേരത്തേ പറഞ്ഞതിന്റെ ഭാഗമാണ്. ആ കാര്യത്തിൽ പൊതുവായ ഒരു ധാരണയിൽ നമ്മൾ എത്തേണ്ടതുണ്ട്.

ഗവൺമെന്റ് എൻജിനീയറിംഗ് കോളേജുകളിലെ സീറ്റുകൾ

2 (*269) ശ്രീ. രാജു എബ്രഹാം :
ശ്രീ. എ. കെ. ബാലൻ :
ശ്രീ. ടി. കെ. ദേവകുമാർ :
ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഗവൺമെന്റ് എൻജിനീയറിംഗ് കോളേജുകളിലെ സീറ്റുകളിൽ ഈ വർഷം കുറവ് വരുത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിനുള്ള കാരണം എന്ത് ;

(ബി) നിലവിലുണ്ടായിരുന്ന സീറ്റുകളിൽ കുറവ് വരുത്തണമെന്ന് എ.ഐ.സി.ടി.ഇ. ആവശ്യപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഏതെല്ലാം കോളേജുകളിൽ എത്ര സീറ്റ് വീതം ;

(സി) ഗവൺമെന്റ് എൻജിനീയറിംഗ് കോളേജുകൾക്ക് നിർണ്ണയിച്ചിട്ടുള്ള ഭൗതിക സാഹചര്യങ്ങൾ പൂർത്തിയാക്കാത്ത കോളേജുകൾ ഏവ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി) : സർ,

(എ) കുറവ് വരുത്തിയിട്ടില്ല.

(ബി) ഉണ്ട്. തിരുവനന്തപുരം ബാർട്ടൻഹിൽ എഞ്ചിനീയറിംഗ് കോളേജിൽ 60 സീറ്റുകൾ വീതമായിരുന്നു. ഇതിൽ, ഇലക്ട്രോണിക്സ് ആന്റ് കമ്മ്യൂണിക്കേഷൻ എഞ്ചിനീയറിംഗ്, ഇൻഫർമേഷൻ ടെക്നോളജി, മെക്കാനിക്കൽ എഞ്ചിനീയറിംഗ് എന്നീ ബ്രാഞ്ചുകളിൽ സീറ്റുകളുടെ എണ്ണം യഥാക്രമം 30-30-30 എന്നിങ്ങനെ മാറ്റിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇടുക്കി, വയനാട്, കോഴിക്കോട്, തിരുവനന്തപുരം (ബാർട്ടൻഹിൽ), ശ്രീകൃഷ്ണപുരം എന്നിവിടങ്ങളിലെ കോളേജുകളിൽ ഭൗതിക സാഹചര്യങ്ങൾ പൂർത്തിയാക്കിയിട്ടില്ല.

ശ്രീ. കെ. രാധാകൃഷ്ണൻ : സർ, ബഹുമാനപ്പെട്ട മന്ത്രി (എ), ചോദ്യത്തിന് ഇല്ലെന്നും (ബി), ചോദ്യത്തിന് ഉണ്ട് എന്നുമാണ് മറുപടി പറഞ്ഞത്. അതായത് എൽ.ഡി.എഫ്. ഭരണകാലത്ത് തുടങ്ങിയ അഞ്ച് എഞ്ചിനീയറിംഗ് കോളേജുകളിൽ ഏകദേശം 585 സീറ്റോളം കുറവ് വരുത്തിയിട്ടുണ്ടെന്നാണ് മനസ്സിലാക്കുന്നത്. ഇങ്ങനെ സീറ്റുകൾ കുറവ് വരുത്തിയത് സ്വാശ്രയ സ്ഥാപനങ്ങളിൽ കുട്ടികളെ നിറയ്ക്കുവാൻ വേണ്ടിയാണോ ; സ്വാശ്രയ സ്ഥാപനങ്ങളും ഗവൺമെന്റും ഒത്തുകളിച്ചതിന്റെ ഫലമായിട്ടല്ലേ എൽ.ഡി.എഫ്. ഭരണകാലത്ത് ആരംഭിച്ച അഞ്ച് എഞ്ചിനീയറിംഗ് കോളേജുകളിൽ സീറ്റുകൾ കുറയ്ക്കുവാനിടയായത് അത് വ്യക്തമാക്കാമോ ?

ശ്രീ. നാലകത്ത് സൂപ്പി : സർ, എൽ.ഡി.എഫ്. ഭരണകാലത്ത് അനുവദിച്ച എഞ്ചിനീയറിംഗ് കോളേജുകളിൽ യാതൊരു മാനദണ്ഡവുമില്ലാതെ സീറ്റുകൾ അനുവദിച്ചുകൊടുത്തു എന്ന് പറയേണ്ടിവരും. അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാതെ, ആവശ്യത്തിന് സ്ഥലംപോലും ഇല്ലാതെ അംഗീകരിച്ച കോളേജുകളാണ്. ആ കോളേജുകൾ നിലനിർത്തുവാൻ അർഹതയില്ലാത്തവയാണ് എന്ന് എ.ഐ.സി.റ്റി.ഇ. നിഷ്ക്കർഷിക്കുകയും കഴിഞ്ഞകൊല്ലംവരെ എ.ഐ.സി.ടി.ഇ.-യുടെ കോഴ്സ് നടത്തുവാൻ അനുവദിക്കുകയും ചെയ്തു. ഈ കൊല്ലം വയനാട് എഞ്ചിനീയറിംഗ് കോളേജ്, ഇടുക്കി എഞ്ചിനീയറിംഗ് കോളേജ്, പൂഞ്ഞാർ എഞ്ചിനീയറിംഗ് കോളേജ് എന്നിവ ഐ.എച്ച്.ആർ.ഡി. യുടെ കീഴിലാണ്. കല്ലൂപ്പാറയിലെ കോളേജിന് ഇതുവരെ അനുമതി കിട്ടിയില്ല. ഇതൊക്കെ എ.ഐ.സി.റ്റി.ഇ.യുടെ നിബന്ധനയ്ക്ക് വിധേയമായി സ്ഥലം ഏറ്റെടുത്ത് ഈ ഗവൺമെൻറ് വന്നതിനുശേഷമാണ് നടപടി പൂർത്തിയാക്കി, ഷിഫ്റ്റുചെയ്യാൻ തീരുമാനിച്ചത്. അതുകൊണ്ടുതന്നെ കുറയ്ക്കുമെന്ന് പറയുന്ന സീറ്റുകൾ രണ്ടാമത് പുന:സ്ഥാപിച്ചുതരാമെന്ന് എ.ഐ.സി.റ്റി.ഇ. സമ്മതിച്ചിട്ടുണ്ട്.

ശ്രീ. കെ. രാധാകൃഷ്ണൻ : സർ, ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം മുകളിൽ പറഞ്ഞ അഞ്ച് എഞ്ചിനീയറിംഗ് കോളേജുകളിലും ഒറ്റ നയാപൈസപോലും ചെലവഴിച്ചിട്ടില്ലെന്നാണ് മനസ്സിലാക്കുന്നത്. ആ കുറവ് പരിഹരിക്കുവാൻവേണ്ടി ഈ എഞ്ചിനീയറിംഗ് കോളേജുകളിലെ ഭൗതിക സൗകര്യവും അതുപോലെതന്നെ അക്കാഡമിക് സൗകര്യങ്ങളും വർദ്ധിപ്പിക്കുവാൻ സമയബന്ധിതമായ നിലപാട് സ്വീകരിച്ചുകൊണ്ട് നിലവിലുള്ള സീറ്റുകൾ നിലനിർത്താൻ വേണ്ട നടപടി ഗവൺമെന്റ് സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. നാലകത്ത് സൂപ്പി : സർ, ബഹുമാനപ്പെട്ട മെമ്പർ എന്തടിസ്ഥാനത്തിലാണ് പറഞ്ഞതെന്ന് എനിക്കറിയില്ല. എന്തായാലും ഞാൻ ചോദ്യം ചെയ്യുന്നില്ല. വയനാട് എൻജിനീയറിംഗ് കോളേജിന് സ്ഥലമെടുത്ത് കെട്ടിടമുണ്ടാക്കാനുള്ള തറക്കല്ലിട്ടത് ഈ ഗവൺമെന്റ് വന്ന ശേഷമാണ്. ഒരു കോടിയിൽപ്പരം രൂപ നീക്കിവച്ചു. തിരുവനന്തപുരം ബാർട്ടൺഹിൽ എൻജിനീയറിംഗ് കോളേജിന് സ്ഥലമെടുത്തത് ഈ ഗവൺമെന്റ് വന്നശേഷമാണ്. ശ്രീകൃഷ്ണപുരം എൻജിനീയറിംഗ് കോളേജ് ഈ ഗവൺമെന്റ് വന്നശേഷം തുടങ്ങിയതാണ്. ഞാനാണ് തറക്കല്ലിട്ട് ഉദ്ഘാടനം ചെയ്തത്. ചെലവഴിച്ചില്ലായെന്നു പറയുന്നത് ശരിയല്ല. കഴിഞ്ഞ കാലത്ത് നിങ്ങൾ തുടങ്ങാത്ത പദ്ധതികൾ ഈ ഗവൺമെന്റ് വന്നശേഷം തുടങ്ങിയിരിക്കുന്നു എന്നുള്ളതാണ് സത്യം.

ശ്രീ. എ. കെ. ബാലൻ : സർ, ചോദ്യത്തിന് ഉത്തരമെന്നുള്ള നിലയിൽ വൈരുദ്ധ്യമുള്ള മറുപടിയാണ് ഇവിടെ ബഹുമാനപ്പെട്ട മന്ത്രി നൽകിയത്. ആദ്യം കുറവു വരുത്തിയിട്ടില്ലായെന്ന് കൃത്യമായി പറഞ്ഞു. രണ്ടാമത് കുറവു വരുത്തിയിട്ടുണ്ട് എന്നു പറഞ്ഞു. സ്വാഭാവികമായും സീറ്റുകൾ കുറഞ്ഞിരിക്കുന്നു എന്നുള്ളതാണ് യാഥാർത്ഥ്യം. 5 ഗവൺമെന്റ് കോളേജുകളിൽ സീറ്റ് കുറഞ്ഞിരിക്കുന്നു. എ.ഐ.സി.ടി.ഇ. ശുപാർശ പ്രകാരം അവിടെ കുട്ടികളെ പ്രവേശിപ്പിക്കാൻ പാടില്ലെന്ന് പറഞ്ഞു. പാടില്ലെന്ന് എ.ഐ.സി.ടി. ഇ.പറഞ്ഞ സ്ഥലത്ത് ഇപ്പോൾ കുട്ടികളെ പ്രവേശിപ്പിച്ചിരിക്കുന്നു. സ്വാഭാവികമായും ഈ സ്ഥാപനങ്ങളിൽ നിന്ന് പഠിച്ചു പാസ്സാകുന്ന കുട്ടികളുടെ ഭാവി വലിയ ആശങ്കയിലാണ്. അത്തരമൊരു സാഹചര്യത്തിൽ ഗവൺമെന്റ് കോളേജുകളിൽ അദ്ധ്യാപകരുൾപ്പെടെയുള്ള ഇൻഫ്രാസ്ട്രക്ച്ചർ സൗകര്യം, ചെയ്തുകൊടുക്കാൻ ബാധ്യതപ്പെട്ട ഗവൺമെന്റ്, ഗവൺമെന്റ് കോളേജുകളിൽ ബോധപൂർവ്വം സീറ്റ് കുറയ്ക്കുന്നതിനും അതുവഴി സ്വാശ്രയ കോളേജുകളിലേയ്ക്ക് കുട്ടികളെ ആകർഷിക്കുന്നതിനും ഉള്ള ഒരു ഗൂഢമായ ആലോചനയല്ലേ ഇതിന്റെ പിന്നിൽ ഉള്ളത് എന്നതാണ് എന്റെ ചോദ്യം.

ശ്രീ. നാലകത്ത് സൂപ്പി : സർ, ഞാൻ പറഞ്ഞത് ചോദ്യത്തിനുള്ള മറുപടിയാണ്. ആദ്യം എ.ഐ.സി.ടി.ഇ.150 സീറ്റ് കുറച്ചു. കോഴിക്കോട് ഗവൺമെന്റ് എൻജിനീയറിംഗ് കോളേജിൽ എ.ഐ.സി.ടി.ഇ. സീറ്റുകൾ പകുതിയാക്കി കുറച്ചിരുന്നു. അവിടെ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കിയതിന്റെ അടിസ്ഥാനത്തിൽ ആ സീറ്റുകൾ പുനഃസ്ഥാപിച്ചു. തന്നു. 150 സീറ്റുകൾ വീണ്ടും എ.ഐ.സി.ടി.ഇ. പുനഃസ്ഥാപിച്ചു നൽകിയിട്ടുണ്ട്. ബാക്കിയുള്ളത് നൽകണമെന്ന് ഗവൺമെന്റ് ആവശ്യപ്പെട്ടിട്ടുണ്ട്. അതനുസരിച്ചാണ് ഈ സ്ഥാപനങ്ങളിൽ അഡ്മിഷൻ നടത്തിയിട്ടുള്ളത്. അത് കിട്ടുമെന്നുള്ള പ്രതീക്ഷയിൽ തന്നെയാണ് ഗവൺമെന്റ്.

ശ്രീ. എ. കെ. ബാലൻ : സർ, യഥാർത്ഥത്തിൽ എ.ഐ.സി.ടി..ഇ.-യുടെ ഫോർമാലിറ്റീസ് പാലിക്കാത്തിടത്തോളം കാലം ഇവിടെ കുട്ടികൾക്ക് പ്രവേശനം കൊടുക്കുന്നത് ശരിയല്ല. അതിൽ വലിയ ആശങ്ക കുട്ടികൾക്കുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

കേരളത്തിൽ പ്രശസ്തമായി പ്രവർത്തിക്കുന്ന ഗവൺമെന്റ് എൻജിനീയറിംഗ് കോളേജുകളിൽ, തിരുവനന്തപുരം, തൃശൂർ, കോഴിക്കോട് തുടങ്ങിയ എൻജിനീയറിംഗ് കോളേജുകളെ ആട്ടോണമസ് കോളേജുകളാക്കാൻ ഗവൺമെന്റ് തീരുമാനിക്കുന്നുണ്ടോ ; അങ്ങനെ തീരുമാനിക്കുന്നുണ്ടെങ്കിൽ സ്വാശ്രയ കോളേജുകളിൽ കൊടുക്കുന്ന ഫീസ് ആട്ടോണമസായി പ്രഖ്യാപിക്കപ്പെടുന്ന കോളേജുകളിൽ കൊടുക്കാൻ വിദ്യാർത്ഥികൾ നിർബന്ധിതരാകുകയില്ലേ ; എന്നുള്ളതാണ് കുട്ടികളുടേയും രക്ഷകർത്താക്കളുടേയും ആശങ്ക. ആ ആശങ്കയാണ് എന്റെ ചോദ്യം.

<u>ശ്രീ. നാലകത്ത് സൂപ്പി</u> : സർ, തിരുവനന്തപുരം എൻജിനീയറിംഗ് കോളേജ് കേന്ദ്രഗവൺമെന്റിന്റെ ടെക്നിക്കൽ കാളിറ്റി ഇംപ്രൂവ്മെന്റ് സ്ക്കീമിൽ ഉൾപ്പെടുത്തിയതാണ്. അതിനോടനുബന്ധമായി മറ്റു കോളേജുകളും സബ്സിഡിയറിയായി മാറുന്നതാണ്. അവിടെയുള്ള കുട്ടികളുടെ ഫീസ് ക്രമാതീതമായി വർദ്ധിപ്പിക്കുമോയെന്നും അവിടെയുള്ള അഡ്മിനിസ്ട്രേഷൻ എങ്ങനെയായിരിക്കുമെന്നുള്ളതിനെക്കുറിച്ചും വലിയ ആശങ്ക ഇവിടെ പ്രകടിപ്പിക്കുകയുണ്ടായി. അത് ഗവൺമെന്റ് പരിശാധിച്ചു. യാതൊരു വർദ്ധനവും ഇല്ലാത്ത രീതിയിൽത്തന്നെ ക്രമീകരിക്കാൻ സാധിക്കുമെന്നാണ് കേന്ദ്രഗവൺമെന്റുമായി ബന്ധപ്പെട്ടപ്പോൾ മനസ്സിലായത്. അതിന്റ അടിസ്ഥാനത്തിൽ നോംസ് തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. ഒരു ആശങ്കയും ആ കാര്യത്തിൽ വേണ്ട എന്നാണ് എനിക്ക് പറയാനുള്ളത്.

<u>ശ്രീ. ടി. കെ. ദേവകുമാർ</u> : സർ, ശ്രീ. എ.കെ. ബാലൻ ചോദിച്ച ചോദ്യത്തിന് മന്ത്രി പറഞ്ഞ മറുപടി എനിക്ക് വ്യക്തമായിട്ടില്ല. ആദ്യം സീറ്റുകളിൽ കുറവു വരുത്തിയിട്ടില്ലായെന്നും പിന്നീട് കുറവു വരുത്തിയിട്ടുണ്ട് എന്നുമാണ് പറഞ്ഞത്. ഇവിടെ ഗവൺമെന്റ് എൻജിനീയറിംഗ് കോളേജുകൾക്ക് നിർണ്ണയിച്ചിട്ടുള്ള ഭൗതിക സാഹചര്യങ്ങൾ പൂർത്തിയാക്കാത്ത കോളേജുകൾ ഏവ എന്നുള്ളതാണ് (സി) ചോദ്യം. ഗവൺമെന്റ് കോളേജുകൾക്ക് ഭൗതിക സാഹചര്യങ്ങൾ ഉണ്ടാക്കാൻ ബഡ്ജറ്റിൽ എത്ര രൂപ വക കൊള്ളിച്ചിട്ടുണ്ട് എന്നും അങ്ങനെ വക കൊള്ളിച്ചിട്ടുണ്ടെങ്കിൽ അധ്യയനവർഷം ആരംഭിക്കുകയും, അഡ്മിഷൻ തുടങ്ങുകയും ചെയ്തിരിക്കുന്ന സാഹചര്യത്തിൽ ബഡ്ജറ്റ് പാസ്സായി 6 മാസം കഴിഞ്ഞിട്ടും അതിൽ ഒരു രൂപയെങ്കിലും ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുവേണ്ടി സർക്കാർ ചെലവഴിച്ചിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ ?

<u>ശ്രീ. നാലകത്ത് സൂപ്പി</u> : സർ, ബഡ്ജറ്റിൽ ഗവൺമെന്റ് എൻജിനീയറിംഗ് കോളേജുകൾക്കുവേണ്ടി മാത്രമാണ് തുക വകയിരുത്തിയിട്ടുള്ളത്. മറ്റുള്ളവ ഐ.എച്ച്.ആർ.ഡി. യുടെയും എൽ.ബി.എസ്.-ന്റെയും കീഴിലുള്ള കോളേജുകളാണ്. അവയുടെ ബഡ്ജറ്റിലാണ് അത് ഉൾപ്പെടുന്നത്. അതനുസരിച്ച് ആ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട് ; തുക ചെലവഴിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

വയനാട് എൻജിനീയറിംഗ് കോളേജ്, തിരുവനന്തപുരം (ബാർട്ടൺഹിൽ) എൻജിനീയറിംഗ് കോളേജ്, കോഴിക്കോട് എൻജിനീയറിംഗ് കോളേജ് എന്നീ ഗവൺമെന്റ് കോളേജുകൾക്ക് ബഡ്ജറ്റ് പ്രൊവിഷൻ വച്ച് സംഖ്യയിൽ നിന്നാണ് ചെലവഴിച്ചിട്ടുള്ളത്. അത് എത്ര എന്നുള്ള ഡീറെയിൽസ് പ്രത്യേകമായി ചോദിച്ചാൽ പിന്നീട് വ്യക്തമാക്കുന്നതാണ്.

ശ്രീ. ടി. കെ. ദേവകുമാർ : സർ, ഇവിടെ തന്നിരിക്കുന്ന ഉത്തരത്തിനകത്ത് 60 സീറ്റുകൾ വീതം ഉണ്ടായിരുന്നത്, 30:30:30 എന്ന ക്രമത്തിൽ കുറച്ചു എന്നുണ്ട്. അങ്ങ് പറയുന്നത് ഓരോ സ്ഥാപനത്തിനും ബഡ്ജറ്റ് അലോക്കേഷൻ വേറെയാണ് എന്നാണ്. അതിനെക്കുറിച്ച് പ്രത്യേക ചോദ്യം ചോദിക്കാമെന്നുള്ളതുകൊണ്ട് അതിലേയ്ക്ക് കടക്കുന്നില്ല. സംവരണം കിട്ടിക്കൊണ്ടിരുന്ന സംവരണ സമുദായത്തിലെ കുട്ടികൾക്ക് ഇങ്ങനെ കുറച്ചതനുസരിച്ച് എത്ര സീറ്റുകൾ നഷ്ടമായിട്ടുണ്ട് എന്നുള്ളത് വ്യക്തമാക്കാൻ കഴിയുമോ, ഇങ്ങനെ ഘട്ടം ഘട്ടമായി കുറച്ചുവരുമ്പോൾ എത്ര കോളേജുകൾ എത്ര വർഷത്തിനകം പൂർണ്ണമായും സ്വാശ്രയ കോളേജുകളുടെ സഹായത്തിനായി അടച്ചുപൂട്ടാൻ സർക്കാർ തയ്യാറാകുമെന്നുള്ളത് വ്യക്തമാക്കാമോ ?

ശ്രീ. നാലകത്ത് സൂപ്പി : സർ, ഘട്ടംഘട്ടമായി അടച്ചുപൂട്ടാനല്ല, ഗവൺമെന്റ് കോളേജുകൾ സ്ട്രംഗ്തെൻ ചെയ്യാനാണ് ഉദ്ദേശിക്കുന്നത്. സ്വാശ്രയ മേഖലയ്ക്ക് ഒരുപാട് തടസ്സങ്ങൾ വേറെയും നിലനിൽക്കുന്നു എന്നുള്ളതുകൊണ്ട് ഗവൺമെന്റ് കോളേജുകളിൽ സമൂഹത്തിലെ പാവപ്പെട്ട പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് അഡ്മിഷൻ കിട്ടാൻ സാധ്യത വളരെ കൂടുതലാണ്. അതു കണക്കിലെടുത്തുകൊണ്ടാണ് ആ കോളേജുകളെ സ്ട്രെംഗ്തെൻ ചെയ്യണമെന്ന് ഗവൺമെന്റ് തീരുമാനിച്ചത്. സീറ്റുകളുടെ എണ്ണം കുറച്ചു എന്നാണ് വീണ്ടും സ്ഥാപിക്കാൻ ശ്രമിക്കുന്നത്. കുറച്ചിട്ടില്ല. പുനഃസ്ഥാപിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ, റിസർവ്വേഷൻ കാറ്റഗറിയിൽ സീറ്റ് കുറഞ്ഞു എന്നു പറയുന്നത് ശരിയല്ല. എ.ഐ.സി.ടി.ഇ. തടഞ്ഞുവച്ച ഇടുക്കി, വയനാട്, പൂഞ്ഞാർ, കരുനാഗപ്പള്ളി എന്നീ സ്ഥലങ്ങളിലെ കോളേജുകളിൽ സീറ്റുകൾ നിലനിർത്തി കിട്ടിയിട്ടുണ്ട്. തിരുവനന്തപുരം ബാർട്ടൺഹില്ലിലും മുമ്പുണ്ടായിരുന്ന മുഴുവൻ സീറ്റുകളിലേയ്ക്കും അഡ്മിഷൻ നടത്തിയിട്ടുണ്ട്. എ.ഐ.സി.ടി..ഇ.-യുടെ അംഗീകാരത്തിന് വിധേയമായി അംഗീകാരം കിട്ടുമെന്നാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. ഞാൻ രണ്ടുകാര്യങ്ങളും പറഞ്ഞു. ആദ്യം എ.ഐ.സി.ടി.ഇ. കുറച്ചിരുന്നു. വീണ്ടും പുനഃസ്ഥാപിച്ചു തന്നു. രണ്ടും ഞാൻ പറഞ്ഞല്ലോ. ഉത്തരത്തിൽ പറഞ്ഞു. അതു പറയാതിരിക്കാൻ സാധ്യമല്ല. മറച്ചുവയ്ക്കാൻ സാധ്യമല്ല. ആദ്യം കുറച്ചു എന്നുള്ളത് സത്യം. പിന്നീട് എ.ഐ.സി.ടി. ഇ. നിലനിർത്തി. അതു രണ്ടും സ്പെസിഫിക്കായി പറയേണ്ട കാര്യം തന്നെയാണ്. അതുകൊണ്ടാണ് ആവർത്തിച്ചു പറഞ്ഞത്. അടിസ്ഥാനപരമായ ഉത്തരമാണ്. യഥാർത്ഥത്തിലുള്ള ഉത്തരമാണ്. .....(ബഹളം)..... രണ്ടാമത് എ.ഐ.സി.ടി.ഇ പുനഃസ്ഥാപിച്ചു തന്നു എന്നുള്ളത് ഞാൻ പറഞ്ഞല്ലോ. മറുപടിയും പറഞ്ഞല്ലോ. 27-6-2003-ൽ 1443-ാം നമ്പർ നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന് മറുപടി പറഞ്ഞിരുന്നു. നിയമസഭാ നടപടികളിൽ അതുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ബാബു : സർ, നമ്മുടെ സംസ്ഥാനത്ത് നിലവിലുള്ള ഗവൺമെന്റ് എൻജിനീയറിംഗ് കോളേജുകളിലും ഗവൺമെന്റ് കോളേജുകളിലും പുതിയ കോഴ്സുകൾ ഒന്നും ആരംഭിക്കാൻ സാധിക്കുന്നില്ല. സാമ്പത്തിക പ്രതിസന്ധിയാണ് കാരണമെന്നു മനസ്സിലാക്കുകയാണ്. അതുകൊണ്ട് നിലവിലുള്ള ഗവൺമെന്റ് കോളേജുകളിലും എൻജിനീയറിംഗ് കോളേജുകളിലും കൺവെൻഷണൽ കോഴ്സുകൾ മാത്രമാണ് നിലവിലുള്ളത്. അതുകൊണ്ട് പുതിയ കോഴ്സുകളൊന്നും ഗവൺമെന്റ് എൻജിനീയറിംഗ് കോളേജുകളിലും ഗവൺമെന്റ് കോളേജുകളിലും ആരംഭിക്കാൻ സാധിക്കുന്നില്ല. ഈ മേഖലയിൽ ഗവൺമെന്റ് കോളേജുകളിലും ഗവൺമെന്റ് എൻജിനീയറിംഗ് കോളേജുകളിലും മോഡേൺ കോഴ്സുകൾ ആരംഭിക്കുന്നതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അതു വ്യക്തമാക്കാമോ ?

ശ്രീ. നാലകത്ത് സൂപ്പി : സർ, കൺവെൻഷണൽ കോഴ്സുകൾ മാറ്റി പുതിയ കോഴ്സുകൾ തുടങ്ങണമെന്ന് ഗവൺമെന്റ് ഉദ്ദേശിച്ചിരുന്നു. തിരുവനന്തപുരം എൻജിനീയറിംഗ് കോളേജിൽ പുതിയ കോഴ്സ് തുടങ്ങിയെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. വയനാട് നിന്ന് ഒരു ബ്രാഞ്ച് തൃശൂർ എൻജിനീയറിംഗ് കോളേജിലേയ്ക്ക് മാറ്റി. മറ്റ് കോഴ്സുകൾക്ക് അംഗീകാരം ഇതുവരെ കിട്ടിയിട്ടില്ല.

ശ്രീ. വി. ചെന്താമരാക്ഷൻ : സർ, കേരളത്തിലെ എഞ്ചിനീയറിംഗ് വിദ്യാഭ്യാസ രംഗത്ത് വളരെ ശരിയായ, ശാസ്ത്രീയമായ പ്രവേശന സംവിധാനമാണ് നിലവിലുള്ളത്. കളക്ടറുടെ മകനും കർഷക തൊഴിലാളിയുടെ മകനും യോഗ്യതയുണ്ടെങ്കിലേ ഇപ്പോൾ എഞ്ചിനീയറിംഗിന് പ്രവേശനം ലഭിക്കുകയുള്ളൂ. പണമല്ല കഴിവാണ് പ്രവേശനത്തിന്റെ യോഗ്യത. ഇത് പതുക്കെ മാറുകയാണ്. സെൽഫ് ഫൈനാൻസിംഗ് കോളേജുകൾ നടത്തണമെങ്കിൽ ഫീസ് പിരിക്കണമെന്നാണ് കോടതികളുൾപ്പെടെ ഇപ്പോൾ പറഞ്ഞുകൊണ്ടിരിക്കുന്നത്. അതിന്റെ അടിസ്ഥാനത്തിൽ ഫീസ് തോന്നിയതുപോലെ പിരിച്ചെടുക്കുക എന്നുള്ള സമീപനമാണ് സെൽഫ് ഫൈനാൻസിംഗ് കോളേജുകളിൽ ഇപ്പോൾ സ്വീകരിക്കുന്നത്. എന്റെ ചോദ്യം ഇതിന്റെ അടിസ്ഥാനത്തിൽ ഗവൺമെന്റ് കോളേജുകളിലുൾപ്പെടെ കനത്ത ഫീസ് വരാൻ പോകുന്നു, ഫീസ് തീരുമാനിക്കുന്നു എന്നൊരാശങ്ക കേരളീയ സമൂഹത്തിലെ പാവപ്പെട്ട ജനവിഭാഗങ്ങൾക്കുണ്ട്. അത് ദൂരീകരിക്കാൻ സർക്കാർ ഫീസ് ചുമത്തുന്നുണ്ടോ, അതോടൊപ്പം ഗവൺമെന്റിന്റെ സമീപനം എന്താണ് എന്ന് വിശദീകരിക്കാമോ ?

ശ്രീ. നാലകത്ത് സൂപ്പി : സർ, കഴിഞ്ഞ സഭയിൽ ഞാൻ പറഞ്ഞതുപോലെ ഗവൺമെന്റ് കോളേജുകളിൽ നേരിയ ഫീസ് വർദ്ധനവാണ് വരുത്തിയിട്ടുള്ളത്. അതിനപ്പുറം കൂടുതലായി ഫീസ് വർദ്ധിപ്പിക്കണമെന്ന് ഗവൺമെന്റ് ഉദ്ദേശിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജോണി നെല്ലൂർ: സർ, നമ്മുടെ ഗവൺമെന്റ് കോളേജുകളിൽ വാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് വിദ്യാർത്ഥികളുടെ ഫീസ് തീരുമാനിച്ചിരിക്കുന്നത്. വാർഷിക വരുമാനം 60,000 രൂപയുള്ള കുടുംബത്തിലെ കുട്ടിക്ക് 18,000 രൂപ ഫീസ് എന്ന് ഗവൺമെന്റ് നിശ്ചയിച്ചിട്ടുണ്ട്. അതിന്റെ പ്രയോജനം സാധാരണക്കാരായ കുട്ടികൾക്ക് ലഭിക്കുന്നില്ല. ഈ സാഹചര്യത്തിൽ വാർഷിക വരുമാനം അല്പമെങ്കിലും വർദ്ധിപ്പിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ? ധാരാളം കുട്ടികൾക്ക് പ്രയോജനകര മാകത്തക്ക വിധത്തിൽ വാർഷിക വരുമാനത്തിൽ വർദ്ധനവുണ്ടാക്കുന്ന കാര്യം ഗവൺമെന്റ് അടിയന്തിരമായി പരിഗണിക്കുമോ?

ശ്രീ. നാലകത്ത് സൂപ്പി: സർ, സെൽഫ് ഫൈനാൻസിംഗ് എഞ്ചിനീയറിംഗ് കോളേജുകളിലെ ഗവൺമെന്റ് ക്വാട്ടയിൽ വരുന്ന വിദ്യാർത്ഥികൾക്കാണ് വരുമാന പരിധി നിശ്ചയിച്ചുകൊണ്ട് വാർഷിക വരുമാനം 60,000-ൽ താഴെയുള്ള കുട്ടികൾക്ക് പകുതി ഫീസ് കൊടുത്താൽ മതിയെന്ന് സെൽഫ് ഫൈനാൻസിംഗ് സ്ഥാപനങ്ങളുടെ മേലധികാരികളുമായി സംസാരിച്ചതിന്റെ അടിസ്ഥാനത്തിൽ തീരുമാനിച്ചത്. ഗവൺമെന്റ് കോളേജിലെ വിദ്യാർത്ഥികൾക്കെല്ലാം നേരത്തേ നിശ്ചയിച്ചതുപോലെ തന്നെ 6,000 രൂപയാണ് ഫീസ് നിശ്ചയിച്ചിട്ടുള്ളത്. ഏതായാലും ഒന്നുകൂടി ഇതിന്റെ പരിധി വർദ്ധിപ്പിച്ചുകൊണ്ട് കൂറെ കുട്ടികൾക്ക് കൂടി ആനുകൂല്യം കിട്ടാവുന്ന മാർഗ്ഗത്തെക്കുറിച്ച് ആലോചിക്കുന്നുണ്ട്. മാനേജുമെന്റുകളുമായി ഇതുസംബന്ധിച്ച് ബന്ധപ്പെട്ടുകൊണ്ടിരിക്കുകയാണ്, തീരുമാനമുണ്ടാകുമെന്നാണ് ഗവൺമെന്റ് കരുതുന്നത്.

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, ശ്രീ. ടി. കെ. ദേവകുമാർ, ശ്രീ. ടി. കെ. ബാലൻ, ശ്രീ. എ. കെ. ബാലൻ തുടങ്ങിയ മെമ്പർമാരുടെ, നിലവിലുണ്ടായിരുന്ന സീറ്റുകളിൽ കുറവു വരുത്തണമെന്ന് എ.ഐ.സി.ടി.ഇ. ആവശ്യപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം കോളേജുകളിൽ എത്ര സീറ്റ് കുറച്ചിട്ടുണ്ട് എന്നുള്ള, ചോദ്യത്തിന് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി എഴുതിത്തന്ന മറുപടി, ഉണ്ട്, തിരുവനന്തപുരം ബാർട്ടൺഹിൽ എഞ്ചിനീയറിംഗ് കോളേജിൽ 60 സീറ്റുകൾ വീതമുണ്ടായിരുന്ന Electrical and Electronic Engineering, Electronics and Communication . Engineering, Information Technology-Mechanical Engineering എന്നീ സീറ്റുകളുടെ എണ്ണം യഥാക്രമം 30, 30, 30 എന്നിങ്ങനെയാണ് എന്നാണ്. അപ്പോൾ ഇന്നലെ ഈ മറുപടി എഴുതിയതിനുശേഷം ഇന്ന് അസംബ്ലിയിൽ വരാൻ തുടങ്ങുന്ന സന്ദർഭത്തിലാണോ രണ്ടാമത്തെ പുന:സ്ഥാപനമെന്ന മറുപടി എ.ഐ.സി.ടി.ഇ.-യിൽ നിന്നും കിട്ടിയിട്ടുള്ളത്? ആവർത്തിച്ചാവർത്തിച്ച് ബഹുമാനപ്പെട്ട മെമ്പർ ശ്രീ. ടി. കെ. ദേവകുമാർ ചോദിച്ചിട്ടും ഞാൻ ആദ്യം പറഞ്ഞ ഉത്തരവും രണ്ടാമതു പറഞ്ഞ ഉത്തരവും ശരിയാണെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. അപ്പോൾ ഈ എഴുതി തന്ന ഉത്തരത്തിൽ കുറവു വരുത്താൻ എ.ഐ.സി.ടി.ഇ. അനുവദിച്ചിട്ടുണ്ടെന്ന് എഴുതി തരികയും

LIBRARY ARCHIVES Kerala Legislative Assembly

മാറ്റം വരുന്നു എന്ന് ഈ സഭയിൽ അങ്ങ് പറയുകയും ചെയ്തത് അവിശ്വസിക്കുന്നില്ല, പക്ഷേ അതെങ്ങനെയാണ് ? കാരണം ഇന്നലെ മറുപടി എഴുതി തന്നു, ഇന്ന് അസംബ്ലിയിലേയ്ക്ക് വരുന്ന ഈ ഒമ്പതര മണിക്കുള്ളിൽ എ.ഐ.സി.ടി.ഇ ഫോൺ വിളിച്ചിട്ടാണോ, അതോ എഴുതി തന്നിട്ടാണോ, എങ്ങനെയാണ് ഈ മറുപടി പറയാൻ അങ്ങേയ്ക്ക് ധൈര്യം വന്നതെന്ന് വ്യക്തമാക്കണം.

<u>ശ്രീ. നാലകത്ത് സൂപ്പി</u>: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞതുപോലെ എന്റെ മറുപടിയിൽ കോഴിക്കോട് എ.ഐ.സി.ടി.ഇ കുറച്ചു സീറ്റുകൾ പുന:സ്ഥാപിച്ചു എന്നു ഞാൻ പറഞ്ഞു. പുന:സ്ഥാപിച്ചത് നേരത്തേയാണ്. ഈ മറുപടി നേരത്തേ തയ്യാറാക്കിയതാണ്. അതുപോലെതന്നെ ബാർട്ടൺഹിൽ എഞ്ചിനീയറിംഗ് കോളേജിൽ എ.ഐ.സി.ടി.ഇ. സീറ്റുകൾ കുറച്ചു. എ.ഐ.സി.ടി.ഇ. കുറച്ചു എന്നറിയിച്ചാലും എൻട്രൻസ് കമ്മിഷണർ അതിലേയ്ക്ക് അഡ്മിഷൻ പൂർത്തിയാക്കിയിട്ടുണ്ട്. അപ്പോൾ ഫലത്തിൽ കുറവ് വന്നിട്ടില്ല എന്നാണ് ഞാൻ പറഞ്ഞത്. കുറവു വരാത്ത കോഴിക്കോട് എഞ്ചിനീയറിംഗ് കോളേജിലും ബാർട്ടൺഹില്ലിലും അഡ്മിഷൻ നേരത്തേയുണ്ടായിരുന്ന സീറ്റുകൾ അനുസരിച്ച് തന്നെയാണ് പൂർത്തിയാക്കിയത്. പിന്നെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇലക്ട്രിക്കൽ ആൻഡ് ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗിന്റെ കാര്യം പറഞ്ഞു, അതിന് നേരത്തേ 60 സീറ്റുകളുണ്ടായിരുന്നു. അതിൽ അഡ്മിഷൻ നടത്തിയിട്ടില്ല. നടത്താത്ത സ്ഥാനത്ത് അതിൽ സീറോയാണ് മാർക്കു ചെയ്തിരിക്കുന്നത്. അത് കണ്ടിന്യൂ ചെയ്യുകയാണ്. അത് ഇപ്പോഴുമില്ല, നേരത്തേയുമില്ല. അതുകൊണ്ടാണ് തത്വത്തിൽ കുറച്ച് കുറഞ്ഞു എന്ന് പറയേണ്ടതില്ല എന്നു ഞാൻ പറയാൻ കാരണം. മറ്റൊന്ന് ഇടുക്കിയും വയനാടും അംഗീകാരമില്ലാത്തവയാണ്. മുമ്പ് ചെയ്തതുപോലെ എൻട്രൻസ് കമ്മിഷണർ ഈ കോളേജുകളിൽ അഡ്മിഷൻ നടത്തിയിട്ടുണ്ട്. അംഗീകാരം കിട്ടുമെന്നുള്ള ഉറപ്പിലാണ് അത് നടത്തിയിട്ടുള്ളത്. അംഗീകാരം നേടിയെടുക്കാൻ ഗവൺമെന്റ് ശ്രമിക്കുകയാണ്.

<u>ശ്രീ. തമ്പാനൂർ രവി</u>: സർ, ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജുകളിലെ ഭൗതിക സൗകര്യങ്ങൾ ചില സ്ഥലത്ത് കുറവാണെന്ന് മന്ത്രി ഇവിടെ പറഞ്ഞു. സമയബന്ധിതമായി സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുകയും ഗവൺമെന്റ് കോളേജുകൾ ആ കർത്തവ്യം നിർവ്വഹിക്കുകയും ചെയ്യണം. അതോടൊപ്പം കേരളത്തിൽ പുതുതായി ആരംഭിച്ചിട്ടുള്ള സ്വാശ്രയ കോളേജുകളുണ്ട്, പല കോളേജുകളിലും അടിസ്ഥാന സൗകര്യങ്ങളില്ല. അത് പരിശോധിക്കാൻ എന്തു സംവിധാനമാണ് ഗവൺമെന്റിൽ ഇന്ന് നിലവിലുള്ളത് എന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. നാലകത്ത് സൂപ്പി : സർ, ഞാൻ ആദ്യം പറഞ്ഞു, ഗവൺമെന്റ് കോളേജുകളിൽ എ.ഐ.സി.ടി.ഇ. പല കാരണങ്ങൾകൊണ്ടും കുറച്ച സീറ്റുകൾ പുനഃസ്ഥാപിക്കാൻ വേണ്ടി ശ്രമം നടക്കുന്നു എന്ന്. രണ്ട് കോളേജുകൾക്ക് അംഗീകാരം കിട്ടിക്കഴിഞ്ഞു. ബാക്കിയുള്ളവയ്ക്ക് അംഗീകാരം കിട്ടുമെന്നുള്ള നിലയ്ക്ക് ഗവൺമെന്റ് അഡ്മിഷൻ പൂർത്തിയാക്കുകയാണ്. ഗവൺമെന്റ് കോളേജുകളുടെ തത്വത്തിലുള്ള പ്രവർത്തനങ്ങളിൽ ബഹുമാനപ്പെട്ട മെമ്പർ ഉദ്ദേശിച്ചത് അതാണ്- അത് സ്ട്രീംലൈൻ ചെയ്യാനുള്ള സംവിധാനം വേണം. ഇപ്പോൾത്തന്നെ ഒരു ടെക്നിക്കൽ കമ്മിറ്റി നിലവിലുണ്ട്, ആ കമ്മിറ്റി അന്വേഷണം നടത്തി ഗവൺമെന്റിന് റിപ്പോർട്ട് നൽകും.

ശ്രീ. കെ. പി. രാജേന്ദ്രൻ : സർ, അങ്ങ് ഇവിടെ പറഞ്ഞ മറുപടി ശ്രദ്ധിച്ചതുകൊണ്ടാണ് ഞാൻ ചോദിക്കുന്നത്. ശ്രീ. എ. കെ. ബാലൻ ചോദിച്ചപ്പോൾ തിരുവനന്തപുരം ഉൾപ്പെടെയുള്ള എഞ്ചിനീയറിംഗ് കോളേജുകളിൽ ടെക്നിക്കൽ ഇംപ്രൂവ്മെന്റ് സ്കീമനുസരിച്ച് ചില നടപടികൾ വരുന്നു എന്നു പറഞ്ഞു. ചില കോളേജുകൾ ഡീംഡ് യൂണിവേഴ്സിറ്റിയാക്കുന്നതിനുള്ള നടപടി എടുത്തു എന്ന് കേൾക്കുന്നു. കഴിഞ്ഞ വർഷം എൻട്രൻസ് ലിസ്റ്റിൽനിന്നും കൗൺസിലിംഗിനുശേഷം കുട്ടികൾ ചേർന്ന അമൃത മെഡിക്കൽ കോളേജും ചില എഞ്ചിനീയറിംഗ് കോളേജുകളും- സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളായി പ്രസിദ്ധീകരിച്ച് ബ്രോഷറുകളിറക്കിയശേഷം അവരിൽ പലതും ഡീംഡ് യൂണിവേഴ്സിറ്റിയാക്കുന്നു എന്ന് കൗൺസിലിംഗ് നടക്കുന്ന സ്ഥലങ്ങളിൽ പരസ്യം ചെയ്തിട്ടുണ്ട്. അങ്ങനെ ഡീംഡ് യൂണിവേഴ്സിറ്റിയും സ്വയംഭരണ കോളേജുകളും ടെക്നിക്കൽ ഇംപ്രൂവ്മെന്റ് സ്കീമുമൊക്കെ നടപ്പിലായാൽ ഇന്ന് നിലവിലുള്ള ഗവൺമെന്റ് സീറ്റുകളായ മെറിറ്റ് സീറ്റുകൾ കുറയില്ലേ ? അതുസംബന്ധിച്ച് ഗവൺമെന്റ് പരിശോധിച്ചിട്ടുണ്ടോ ? അങ്ങനെയാണെങ്കിൽ കുറവ് വരുന്ന സീറ്റുകൾ എങ്ങനെയാണ് നമുക്ക് കോമ്പൻസേറ്റു ചെയ്യാൻ കഴിയുക എന്ന് വിശദമാക്കുമോ ?

ശ്രീ. നാലകത്ത് സൂപ്പി : സർ, സംസ്ഥാനത്ത് കേന്ദ്ര ഗവൺമെന്റിന്റെ പുതിയ technical improvement, quality improvement scheme അനുസരിച്ച് കോഴിക്കോട് ആർ.ഇ.സി.-യെയാണ് ഡീംഡ് യൂണിവേഴ്സിറ്റിയായി ആദ്യം കൺവർട്ടു ചെയ്തത്. അതുപോലെതന്നെ മാതാ അമൃതാനന്ദമയി മെഡിക്കൽ കോളേജിനും ഡീംഡ് യൂണിവേഴ്സിറ്റി സ്റ്റാറ്റസ് നൽകി. ഈ രണ്ടു സ്ഥാപനങ്ങളിലേയ്ക്കും അവർ നേരിട്ടുതന്നെയാണ് അഡ്മിഷൻ നടത്തിക്കൊണ്ടിരിക്കുന്നത്. ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ ഇവിടെ കൗൺസിലിംഗ് നടത്തുന്ന സ്ഥലത്ത് ഏതെങ്കിലും സ്വകാര്യ എഞ്ചിനീയറിംഗ് കോളേജുകൾ ഡീംഡ് യൂണിവേഴ്സിറ്റി സ്റ്റാറ്റസ് ഉണ്ടെന്നു രേഖപ്പെടുത്തി ബോർഡുവച്ച് കുട്ടികളെ ആകർഷിക്കാൻ പ്രവർത്തനം നടത്തുന്നുണ്ടെങ്കിൽ പരിശോധിക്കുന്നതാണ്. ആ കാര്യങ്ങൾ പരിശോധിച്ച് റിപ്പോർട്ട് നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കളത്തിൽ അബ്ദുള്ള : സർ, അങ്ങ് വിദ്യാഭ്യാസ രംഗത്ത് ഒരു പ്രായോഗിക വിപ്ലവകാരിയാണ്. അതുപോലെതന്നെ അങ്ങ് ഒരു ഗ്രാമീണനും കൂടിയാണ്. എന്റേയും വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടേയും അതുപോലെ പാലക്കാട് ജില്ലയിലെ വളരെയധികം എം.എൽ.എ.മാരുടേയുമൊക്കെ നിയോജകമണ്ഡലങ്ങളിലെ ജനങ്ങളുടെ ഏക ആശ്രയമായ ഗവൺമെന്റ് കോളേജാണ് ശ്രീകൃഷ്ണപുരം എഞ്ചിനീയറിംഗ് കോളേജ്. 150 കിലോമീറ്റർ ചുറ്റളവാണ് ഈ എഞ്ചിനീയറിംഗ് കോളേജിന്റെ ലാബിന്റെ പരിധി. ശ്രീകൃഷ്ണപുരം എഞ്ചിനീയറിംഗ് കോളേജിനെ അങ്ങ് ഗ്രാമീണനാണ്, ഗ്രാമീണ സങ്കല്പത്തിൽനിന്നും വളർന്നുവന്ന ഗ്രാമീണ പുത്രനാണ് ഗ്രാമീണ മേഖലയിലെ ഈ സ്ഥാപനത്തെ ശ്രദ്ധിക്കാൻ അങ്ങ് പ്രത്യേകമായ പാക്കേജുണ്ടാക്കി പ്രഖ്യാപിക്കുമോ ?

ശ്രീ. നാലകത്ത് സൂപ്പി : സർ, ബഹുമാനപ്പെട്ട മെമ്പറുടെ ഗ്രാമീണ തനിമയും ടെക്നിക്കൽ അഡ്വാൻസ്മെന്റും രണ്ടും ഉൾക്കൊണ്ടുകൊണ്ടുതന്നെ ശ്രീകൃഷ്ണപുരം എഞ്ചിനീയറിംഗ് കോളേജിന്റെ പ്രവർത്തനങ്ങളിൽ ആദ്യഘട്ടം എന്നുള്ള നിലയിൽ അവിടെ വർക്ക്ഷെഡിന്റെ പ്രവർത്തനം പൂർത്തിയാക്കി, മെയിൻ കെട്ടിടത്തിന്റെ തറക്കല്ലിട്ടു, അതിന്റെ പണി നടന്നുകൊണ്ടിരിക്കുന്നു. വളരെ വൈകാതെ പാലക്കാട് ജില്ലയിലെ ഗവൺമെന്റ് കോളേജ് എന്നുള്ള നിലയിൽ, ഐ.എച്ച്.ആർ.ഡി. നടത്തുന്ന ഗവൺമെന്റ് കോളേജ് എന്നുള്ള നിലയിൽ, അതിന്റെ പ്രവർത്തനങ്ങളിൽ വളരെ സജീവമായി ഗവൺമെന്റ് ശ്രദ്ധിക്കുന്നതാണ്.

ശ്രീ. കെ. പി. മോഹനൻ : സർ, സർക്കാർ നിർദ്ദേശിക്കുന്നത് അനുസരിച്ച് സ്വാശ്രയ സ്വകാര്യ എൻജിനീയറിംഗ് കോളേജുകളിൽ സീറ്റുകൾ നൽകുന്നുണ്ടോ എന്നും അമിതമായി ഫീസ് സ്വീകരിക്കുന്നുണ്ടോ എന്നും പരിശോധിക്കുവാനുള്ള ഏജൻസികൾ ഏതെല്ലാം ആണെന്നു വിശദീകരിക്കാമോ ?

ശ്രീ. നാലകത്ത് സൂപ്പി : സർ, അതു സംബന്ധിച്ച് ഗവൺമെന്റ് ഏജൻസികളെ നിശ്ചയിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. അക്കാര്യത്തിൽ നടപടികൾ എടുത്തു വരുന്നതേയുള്ളൂ.

ശ്രീ. വർക്കല കഹാർ : സർ, ഭൗതിക സാഹചര്യങ്ങൾ പൂർത്തിയാക്കാത്തതാണ് സീറ്റു കുറയാൻ കാരണമെന്നു ഇവിടെ പറഞ്ഞു. ഗവൺമെന്റ് എൻജിനീയറിഗ് കോളേജുകളുടെ വികസനത്തിനുവേണ്ടി ലോക ബാങ്കിൽ നിന്നും തുക ലഭിക്കുമെന്നിരിക്കെ ആ കോളേജുകളിൽ ഭൗതിക സാഹചര്യങ്ങൾ വേണ്ട വിധത്തിൽ ഉണ്ടാക്കാത്തത് എന്തുകൊണ്ടാണ് ? ലോകബാങ്കിന്റെ സഹായം യഥാവിധി ഉപയോഗിച്ചിരുന്നുവെങ്കിൽ എൻജിനീയറിംഗ് കോളേജുകളിൽ സീറ്റു കുറയ്ക്കേണ്ടി വരുമായിരുന്നോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. നാലകത്ത് സൂപ്പി : സർ, ലോകബാങ്കിന്റെ സഹായം തിരുവനന്തപുരം എൻജിനീയറിംഗ് കോളേജിനുമാത്രമേയുള്ളൂ. Technical Educational Quality Improvement Programme-ൽ തിരുവനന്തപുരം എൻജിനീയറിംഗ് കോളേജ് മാത്രമേ വരുന്നുള്ളൂ. അതിനോട് അനുബന്ധമായിട്ടുള്ളതാണ് മറ്റു സ്ഥാപനങ്ങൾ. അതിന്റെ എഗ്രിമെന്റു വച്ചു കഴിഞ്ഞു. സാമ്പത്തിക സഹായം കിട്ടുന്ന ഒരു ലെവലിലേയ്ക്ക് വരികയാണ്. ലീഡ് ഇൻസ്റ്റിറ്റ്യൂഷൻ എന്നുള്ള നിലയിൽ തിരുവനന്തപുരം എൻജിനീയറിംഗ് കോളേജും നെറ്റു വർക്ക് കണക്ഷൻ എന്നുള്ള നിലയിൽ മറ്റ് ആറു കോളേജുകളേയുമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. അവർക്കും അതിന്റേതായ ആനുകൂല്യവും സാമ്പത്തിക സഹായവും പിന്നീട് കിട്ടുന്നതാണ്. അതിന്റെ നടപടികൾ തുടങ്ങിയതേയുള്ളൂ.

ശ്രീ. വി. കെ. സി. മമ്മത്കോയ : സർ, ഈ വർഷം ലാറ്ററൽ എൻട്രി പ്രകാരം പരീക്ഷ നടത്തി അഡ്മിഷൻ ലഭിക്കുന്ന വിദ്യാർത്ഥികളുടെ കാര്യത്തിൽ ഫീസ് എത്ര ആയിരിക്കുമെന്ന് തീരുമാനം എടുത്തിട്ടുണ്ടോ ; ഡിപ്ലോമ കഴിഞ്ഞു വരുന്നവർ എന്ന പരിഗണനയും മറ്റു സംസ്ഥാനങ്ങളിൽ ഫീസ് കുറവാണ് എന്നതും പരിഗണിച്ചുകൊണ്ട് അവരുടെ ഫീസ് നിരക്ക് കഴിഞ്ഞ വർഷം ചേർന്നവരുടേതിനു തുല്യമാക്കാൻ സർക്കാർ തീരുമാനിക്കുമോ ?

ശ്രീ. നാലകത്ത് സൂപ്പി : സർ, ലാറ്ററൽ എൻട്രി സ്കീമിൽ വരുന്നവർക്ക് പ്രവേശനത്തിന് ഒരു ഫീസ് സ്ട്രക്ചർ നിശ്ചയിച്ചിട്ടുണ്ട്. ഫീസ് തുല്യമാണോ എന്നുള്ളതു പരിശോധിച്ചു പറയാം.

ശ്രീമതി മാലേത്ത് സരളാദേവി : സർ, എ. ഐ.സി.ടി. ഇ. എൻജിനീയറിംഗ് കോളേജുകൾ സീറ്റു കൂട്ടുന്നതിനു ചില അനുയോജ്യമായ ഘടകങ്ങൾ വേണമെന്നു ഐ. എച്ച് ആർ ഡി തുടങ്ങുമ്പോഴോ സാധാരണ അക്കാഡമി തുടങ്ങുമ്പോഴോ ഗവൺമെന്റ് തുടങ്ങുമ്പോഴോ പറയുന്നുണ്ട്. എ. ഐ. സി. ടി. ഇ. അനുയോജ്യമായ ഘടകങ്ങൾ എന്നു പറയുന്നത് ഏതൊക്കെയാണ് എന്നു വ്യക്തമാക്കാമോ ?

ശ്രീ. നാലകത്ത് സൂപ്പി : സർ, പ്രധാനമായും സ്ഥലവും കെട്ടിട സൗകര്യങ്ങളും വേണം. ഈ അടുത്ത കാലത്ത് എ. ഐ. സി. ടി. ഇ. ഒരു റഗുലേഷൻ പുറപ്പെടുവിച്ചിട്ടുണ്ട്. അതിനു വിധേയമായി മാത്രമേ അംഗീകാരം കൊടുക്കാൻ പാടുള്ളൂ എന്നു പറഞ്ഞിട്ടുണ്ട്.

ശ്രീ. ജോസഫ് എം. പുതുശ്ശേരി : സർ, ഇവിടെ ഗവൺമെന്റ് എൻജിനീയറിംഗ് കോളേജുകൾക്ക് എ.ഐ.സി.ടി. ഇ. യുടെ നിർദ്ദേശ പ്രകാരം സീറ്റുകൾ കുറച്ചു എന്നുള്ള ഒരു പരാമർശം വന്നു. അതു പുന:സ്ഥാപിക്കുന്നതിനുള്ള നടപടികളെക്കുറിച്ച് ചോദ്യം ഉന്നയിക്കുകയുണ്ടായി. അംഗീകാരത്തെ സംബന്ധിച്ചും മാനദണ്ഡത്തെ സംബന്ധിച്ചും ഇവിടെ ചോദ്യം ഉന്നയിക്കുകയുണ്ടായി. കേരളത്തിന്റെ പ്രത്യേക സാഹചര്യം ഉൾക്കൊള്ളാതെ അംഗീകാരത്തിന്റെ കാര്യത്തിൽ പുതിയ സമീപനം സ്വീകരിക്കുന്നു എന്നും

അതുപോലെ സീറ്റുകൾ കുറയ്ക്കുന്ന കാര്യത്തിലുമൊക്കെ പ്രത്യേകമായ നിർബന്ധ ബുദ്ധി എ.ഐ.സി.ടി.ഇ. പ്രകടിപ്പിക്കുന്നു എന്നും ഒരു ആക്ഷേപം ഉണ്ട്. സ്വകാര്യ കോളേജുകൾ നടത്തുന്ന ലോബികളെ സഹായിക്കുന്നതിനു വേണ്ടിയാണ് ഇത് എന്നുള്ള വ്യാപകമായ ആക്ഷേപവും ഉണ്ട്. സ്ഥലവും മറ്റു സൗകര്യങ്ങളുമൊക്കെയായി. പരിശോധനകൾക്കും മറ്റു കാര്യങ്ങൾക്കും കാലതാമസം ഉണ്ടാകുന്നു. അംഗീകാരം ലഭിക്കുന്നില്ല. കൂടുതൽ കോളേജുകൾക്ക് അംഗീകാരം കൊടുക്കുന്ന കാര്യത്തിലും സീറ്റുകൾ കുറയ്ക്കുന്ന കാര്യത്തിലും എ.ഐ.സി. ടി .ഇ. സ്ഥാപിതമായ താല്പര്യങ്ങൾ പുലർത്തുന്നു എന്ന് വ്യാപകമായ ആക്ഷേപം ഉണ്ട്. ഇതു മറികടക്കാൻ ആവശ്യമായ നടപടി ഗവൺമെന്റ് സ്വീകരിക്കുമോ ?

ശ്രീ. നാലകത്ത് സൂപ്പി : സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ എ.ഐ.സി.ടി.ഇ. ബോധപൂർവ്വമായ ചില നടപടികളാണ് എടുക്കുന്നത് എന്നുള്ള അഭിപ്രായം ഗവൺമെന്റിനില്ല. എ.ഐ.സി.ടി.ഇ.യെ ബോദ്ധ്യപ്പെടുത്തിയ സന്ദർഭങ്ങളിൽ എല്ലാം സീറ്റുകൾ പുന:സ്ഥാപിക്കുന്ന കാര്യത്തിലും എൻജിനീയറിംഗ് കോളേജുകൾക്ക് അംഗീകാരം നൽകുന്ന കാര്യത്തിലുമൊക്കെ താല്പര്യം കാണിച്ചിട്ടുണ്ട്. അടുത്ത ആഴ്ച കൗൺസിലിന്റെ ഒരു ടീം സ്ഥലങ്ങൾ പരിശോധിക്കുന്നതിനുവേണ്ടി വരുന്നുണ്ട്. അപ്പോൾ അവരെ കാര്യങ്ങൾ ബോദ്ധ്യപ്പെടുത്താൻ ശ്രമിക്കുന്നതാണ്. എല്ലാ സ്റ്റേറ്റുകൾക്കും ബാധകമായ ഒരു റഗുലേഷൻ ഈയിടെ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ആ റഗുലേഷനു വിധേയമായിട്ടു മാത്രമേ അംഗീകാരം കൊടുക്കൂ എന്നു തീരുമാനിച്ചതല്ലാതെ കേരളത്തിലെ സെൽഫ് ഫിനാൻസിംഗ് കോളേജുകളെ സഹായിക്കുന്നതിനു വേണ്ടിയുള്ള നിലപാടുകൾ എടുത്തു എന്നു പറയുന്നത് ശരിയല്ല. അങ്ങയുടെ കല്ലുപ്പാറയിലെ എൻജിനീയറിംഗ് കോളേജിന് അടിസ്ഥാന സൗകര്യമില്ലാത്തതുകൊണ്ടാണ് അംഗീകാരം കിട്ടാതിരുന്നത്. ഇക്കൊല്ലം അഡ്മിഷൻ നടത്താൻ അനുമതി വേണമെന്നു ഗവൺമെന്റ് വീണ്ടും വീണ്ടും ആവശ്യപ്പെട്ടിട്ടുണ്ട്.

ശ്രീ. ബിനോയ് വിശ്വം : സർ, ഇന്നു ബഹുമാനപ്പെട്ട മന്ത്രി രേഖപ്പെടുത്തി കൊടുത്ത മറുപടിയും വാക്കാൽ പറഞ്ഞ മറുപടിയും തമ്മിലുള്ള വ്യത്യാസം ഇവിടെ ചൂണ്ടിക്കാണിച്ചതാണ്. അതു ബഹുമാനപ്പെട്ട മന്ത്രിയുടെ വീഴ്ചയായി ഞാൻ കാണുന്നില്ല. അതു ഗവൺമെന്റിന്റെ നയത്തിന്റെ ആശയക്കുഴപ്പമാണ്. ഈ ആശയക്കുഴപ്പത്തിൽ കൂടി ഗവൺമെന്റിന് ലക്ഷ്യം നേടാനുണ്ട്.. ഗവൺമെന്റ് കോളേജിനേയും മറ്റും പിന്നോക്കം തള്ളിക്കൊണ്ട് സ്വാശ്രയ കോളേജുകളേയും വിദ്യാഭ്യാസ കച്ചവടത്തേയും രക്ഷിക്കൽ ആണ് ലക്ഷ്യം എന്ന് എല്ലാവർക്കും അറിയാം എ.ഐ.സി.ടി.ഇ. യുടെ അംഗീകാരം കിട്ടുമെന്ന പ്രതീക്ഷയിൽ കൗൺസിലിംഗ് എല്ലാം പൂർത്തീകരിച്ച കാര്യം ഇവിടെ പറയുകയുണ്ടായി. സ്ഥലം, കെട്ടിടം , ലൈബ്രറി, ലബോറട്ടറി, ഫാക്കൽറ്റി ഇതെല്ലാം ഉണ്ടായാലേ എ.ഐ.സി.ടി.ഇ.യുടെ അംഗീകാരം കിട്ടൂ എന്നാണ് പറഞ്ഞിട്ടുള്ളത്. .....(ബഹളം)..... എനിക്കു ചോദിക്കാനുള്ള ചോദ്യം ചോദിച്ചേ പറ്റൂ. ബഹളം ഉണ്ടാക്കിയിട്ടൊന്നും ഒരു കാര്യവുമില്ല.

LIBRARY ARCHIVES Kerala Legislative Assembly

എ.ഐ.സി.ടി.ഇ.യുടെ മാനദണ്ഡ പ്രകാരം കൗൺസിലിംഗ് പൂർത്തിയാക്കി കോളേജുകളിൽ അഡ്മിഷൻ കൊടുത്തിരിക്കുകയാണ്. ഈ കാലയളവിനുള്ളിൽ ഈ പറയുന്ന ഘടകങ്ങൾ എല്ലാം പൂർത്തീകരിക്കും എന്നുള്ള ഉറപ്പ് ഗവൺമെന്റിനുണ്ടോ ?

ശ്രീ. നാലകത്ത് സൂപ്പി : സർ, അതു ചോദ്യമല്ല, ദുരുദ്ദേശപരമായിട്ടുള്ള പരാമർശമാണ്. ഞാൻ മറുപടി പറയാം. കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്തു സ്ഥാപിച്ച സ്ഥാപനങ്ങളാണ് ഇവിടെ നേരത്തേ സൂചിപ്പിച്ച സ്ഥാപനങ്ങൾ. ഒരു വ്യവസ്ഥയുമില്ലാതെ, സ്ഥലം പോലുമില്ലാതെയാണ് ഷെഡ്ഡുകളിൽ തുടങ്ങിയത്. എന്നാലും അങ്ങനെ തുടങ്ങിയ സ്ഥാപനങ്ങളെ ക്ലോസ് ടൗൺ ചെയ്യണമെന്ന് ഗവൺമെന്റിന് ആഗ്രഹമില്ല. ആ സ്ഥാപനങ്ങൾക്ക് അംഗീകാരം നേടി എടുക്കുന്നതിനു വേണ്ടി സ്ഥലം ലഭ്യമാക്കി. കെട്ടിടങ്ങൾ നിർമ്മിക്കാനുള്ള നടപടികൾ എടുത്തു. അതിന്റെ അടിസ്ഥാനത്തിൽ നാലഞ്ചു കോളേജുകൾ ഇപ്പോൾ ആരംഭിക്കാൻ സാധിച്ചിട്ടുണ്ട്. കരുനാഗപ്പള്ളി, കല്ലൂപ്പാറ ഈ രണ്ടു പ്രദേശങ്ങളിലും സ്ഥലം നെഗോഷ്യേറ്റു ചെയ്ത് എടുക്കാം എന്നുള്ള തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സ്ഥലമൊക്കെ ലഭ്യമാക്കിയിട്ടുണ്ട്. ഗവൺമെന്റിന് ഈ സ്ഥാപനങ്ങൾ നിറുത്തണമെന്ന് ആഗ്രഹമുണ്ടായിരുന്നു എങ്കിൽ ആ കുട്ടികളെ വേറെ സ്ഥലങ്ങളിൽ കൊണ്ടു പോയി പരീക്ഷയ്ക്ക് ഇരുത്തേണ്ട ആവശ്യം ഉണ്ടായിരുന്നില്ല. കോട്ടയം മാർ ഗ്രിഗോറിയോസ് എൻജിനീയറിംഗ് കോളേജിന്റെ അംഗീകാരം പിൻവലിക്കണമെന്ന് എ.ഐ.സി.ടി.ഇ. ആവശ്യപ്പെട്ടു. പിൻവലിച്ചു. അവിടെ പഠിച്ച കുട്ടികളെ എറണാകുളം മോഡൽ എൻജിനീയറിംഗ് കോളേജിൽ പരീക്ഷ എഴുതാൻ സമ്മതിച്ചു. അതു തന്നെയാണ് കല്ലൂപ്പാറയിലും ഉണ്ടായത്. ഈ കുട്ടികളെ സെൽഫ് ഫിനാൻസിംഗ് സ്ഥാപനങ്ങളിൽ ചേർക്കാൻ വേണ്ടിയല്ല. ഞാൻ വീണ്ടും വീണ്ടും പറയുന്നു, അനുമതി കിട്ടുമെന്നുള്ള പ്രതീക്ഷയിൽ കൗൺസിലിംഗ് നടത്തി അഡ്മിഷൻ കൊടുത്തത് കുട്ടികളെ നിർബന്ധമായും ഗവൺമെന്റ് കോളേജിൽ ചേർക്കണമെന്നുള്ളതു കൊണ്ടുതന്നെയാണ് . അതല്ലെങ്കിൽ അംഗീകാരം ഇല്ലെന്നു പറഞ്ഞുകൊണ്ട് നേരത്തേ അഡ്മിഷൻ നിഷേധിക്കാമായിരുന്നു. ഇവിടെ അനുവദിക്കപ്പെട്ട സീറ്റുകൾ പരമാവധി ഗവൺമെന്റു മേഖലകളിൽ നിലനിർത്തണം എന്നുള്ള താല്പര്യം വച്ചുകൊണ്ടാണ് ഇത്രയും കാര്യങ്ങൾ ചെയ്തിട്ടുള്ളത്.

ശ്രീമതി രാധാരാഘവൻ : സർ, ബഹുമാനപ്പെട്ട മന്ത്രി ഇതുവരെ എല്ലാ ചോദ്യങ്ങൾക്കും മറുപടി പറഞ്ഞു. പക്ഷേ വയനാട്ടിലെ എൻജിനീയറിംഗ് കോളേജിന് എ.ഐ.സി.ടി. ഇ. യിൽ നിന്നും അംഗീകാരം കിട്ടുമോ ഇല്ലയോ എന്നു വ്യക്തമായി ഇവിടെ സൂചിപ്പിച്ചിട്ടില്ല. അതുകൊണ്ട് അംഗീകാരം കിട്ടുമോ എന്നു വ്യക്തമാക്കുമോ ?

ശ്രീ. നാലകത്ത് സൂപ്പി : സർ, കിട്ടുമെന്നുള്ള നിലയ്ക്കാണ് അവിടെ അഡ്മിഷൻ നടത്തിയിട്ടുള്ളത്.

(ചോദ്യോത്തര സമയം കഴിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly